## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.285 | | | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **ശുചിത്വമിഷൻ വഴി മാലിന്യസംസ്കരണം** | | | |
| **ചോദ്യം** | | | **മറുപടി** |
| **ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.രാജു എബ്രഹാം** | | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | മാലിന്യസംസ്കരണ രംഗത്ത് ശുചിത്വമിഷൻ വഴി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | 1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നു.<br>2) സാങ്കേതിക അനുമതി നൽകുന്ന പദ്ധതി കൾക്ക് സർക്കാർ വിഹിതമായ സാമ്പത്തിക സഹായം നൽകുന്നു.<br>3) മാലിന്യ സംസ്കരണ മേഖലയിൽ വൈദഗ്ധ്യമുള്ള ഏജൻസികൾക്ക് സേവന ദാതാക്കളായി അംഗീകാരം നൽകുന്നു.<br>4) മാലിന്യ സംസ്കരണോപാധികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ഉത്തരവാക്കുന്നു.<br>5) ഇന്നവേറ്റീവ് പ്രോജക്ടുകളെ പ്രോത്സാ ഹിപ്പിക്കുന്നു.<br>6) സുരക്ഷിത മാലിന്യ പരിപാലനം ഉറപ്പാ ക്കുന്നതിനായി കാലോചിതമായി മാലിന്യ പരിപാലന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.<br>7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഫെസിലിറ്റേഷനും നൽകുന്നു.<br>8) പുനരുപയോഗ സാധ്യമായ സാധന ങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കു ന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയുള്ള നടപടികൾ.<br>9) പുന:ചംക്രമണ വ്യവസായം പ്രോത്സാ ഹിപ്പിക്കുന്നതിനുള്ള നടപടികൾ.<br>10) മാലിന്യ സംസ്കരണ പ്രവർത്തനങ്ങ ളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം നൽകൽ.<br>11) പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ പരിപാലന ത്തിന് എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി നിർബന്ധമാക്കുന്നതി ലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുക.<br>12) ശേഷീവികസന പരിപാടികൾ സംഘടിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 13) മാലിന്യ സംസ്കരണ രംഗത്ത് പൊതു ജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.<br>14) ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നയം, തന്ത്രം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക. |
| (ബി) | ജൈവ മാലിന്യ സംസ്കരണത്തിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; നഗരങ്ങളിൽ, വിശേഷിച്ച് ആളുകൾ കോളനിയായി താമസിക്കുന്ന ഇടങ്ങളിൽ, ജൈവ മാലിന്യ സംസ്കരണവും ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് തുടങ്ങിയവയിൽ നിന്നുള്ള സ്ലറി, വളം എന്നിവയുടെ ഉപയോഗവും ഏതു വിധത്തിൽ സാധ്യമാകുന്നുവെന്നറിയിക്കാമോ; | (ബി) | ജൈവമാലിന്യ സംസ്കരണത്തിന് നിലവിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ എന്നീ സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് ശുചിത്വമിഷൻ പ്രോത്സാഹിപ്പിക്കുന്നത്. നിലവിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അപ്ഗ്രഡേഷനും നടത്തിവരുന്നു. നഗരങ്ങളിൽ ആളുകൾ കോളനിയായി താമസിക്കുന്ന ഇടങ്ങളിൽ ഗാർഹിക കമ്പോസ്റ്റിംഗിന് തീരെ സൗകര്യമില്ലാത്ത പക്ഷം കോളനികൾക്കടുത്തായി ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. വളം കാർഷികാവശ്യത്തിനായി കൈമാറുന്നു. സ്ലറി ചെടികൾക്ക് വളമായും പ്ലാന്റിലെ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി വീണ്ടും ഉപയോഗിക്കപ്പെടുന്നു. |
| (സി) | വിവിധ തരത്തിലുള്ള അജൈവമാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കഴുകി വൃത്തിയാക്കിയ അജൈവമാലിന്യം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ നേരിട്ടോ ഏജൻസികൾ മുഖേനയോ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിന് കൈമാറുന്ന സംവിധാനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക്, റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നത്. തരംതിരിക്കപ്പെട്ട അജൈവ മാലിന്യം മെറ്റീരിയൽ റിക്കവറി ഫെസലിറ്റി സെന്ററിൽ ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണത്തിന് കൈമാറാവുന്നതാണ്. ഈ കാഴ്ചപ്പാടോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ രൂപപ്പെടുത്തി നിർവഹണം തുടങ്ങിയിട്ടുണ്ട്. ഇവ പൂർണ്ണമായും ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് പറയാവുന്ന ഘട്ടമെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ